SUPRABHATHAM 03-09-2024

# ദേശീയ സെമിനാർ തുടങ്ങി

**കൊച്ചി ▶** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റും സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജീസ് ഇന്ത്യയും (സോഫ്ടി) സഹകരിച്ച് 'അക്വാ ഫുഡ് എക്സലൻസ് ▶ മത്സ്യസംസ്കരണ രംഗത്തെ നൂതന ആശയങ്ങൾ' എന്ന വിഷയത്തിൽ നടത്തുന്ന ദേശീയ സെമിനാറിന് തുടക്കമായി. നാളെവരെ നടക്കുന്ന സെമിനാർ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു.

ഐ.സി.എ.ആർ സിഫ്ട് ഡയരക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷനായി. സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ പ്രസിഡൻറ് ജി. പവൻ കുമാർ വിശിഷ്ടാതിഥിയായി.

കേരളാ യൂനിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിൻറെ (കുഫോസ്) സ്ഥാപക വൈസ് ചാൻസലറായ പ്രൊഫ. ഡോ. ബി. മധുസൂധന കുറുപ്പിന് 2021 വർഷത്തിലെ സോഫ്ടി അവാർഡ് മന്ത്രി പി. രാജീവ് സമ്മാനിച്ചു.

സിഫ്ടിലെ ഫിഷ് പ്രോസസിങ് വിഭാഗം മേധാവി ഡോ. ജെ. ബിന്ദു, എക്സ്റ്റൻഷൻ ഇൻഫർമേഷൻ ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം മേധാവിയും സോഫ്ടി സെക്രട്ടറിയുമായ ഡോ. നികിത ഗോപാൽ സംസാരിച്ചു.

വിവിധ മേഖലകളിൽനിന്നുള്ള നൂറോളം പ്രതിനിധികൾ സെമിനാറിൽ പങ്കെടുക്കുന്നുണ്ട്.